പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IV
# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്
(2014-2015)

**FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2014-2015)**

2014 ജൂൺ 9-ാം തീയതി സമർപ്പിച്ചത്

(Presented on 9th June 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്

(2014-2015)

FOURTH REPORT ON THE SCRUTINY
OF DEMANDS FOR GRANTS

(2014-2015)

536/2014.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി IV
# വ്യവസായവും ധാതുക്കളും
# (2013-2016)

## ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എ. എ. അസീസ്
,, ഹൈബി ഈഡൻ
,, എളമരം കരീം
,, സി. കൃഷ്ണൻ
,, സാജു പോൾ
,, വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, സി. ജോസ്, ജോയിന്റ് സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 19, മാർച്ച് 5 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുളളവിധം ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXXVII-ന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതിയ്ക്ക് വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശുപാർശകളുമാണ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2014 മാർച്ച് മാസം 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2014 മാർച്ച് 12.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വോട്ട് ചെയ്തത് : 10,31,17,71,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

**കൈത്തറി, യന്ത്രത്തറി വ്യവസായങ്ങൾ**

2851-00-103-95 കൈത്തറിത്തുണി വിൽപ്പനയിലെ റിബേറ്റ്

33 സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 4.4 കോടി രൂപ

1. കൈത്തറിത്തുണി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന റിബേറ്റ് ഇനത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന 4.4 കോടി രൂപയ്ക്കുപുറമെ 4.6 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. കൈത്തറി റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനുവേണ്ടി ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏഴുകോടി രൂപ 2014-15 വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-103-74 പരിശീലനവും വികസനവും

ബഡ്ജറ്റ് വിഹിതം : 3.08 കോടി രൂപ (പ്ലാൻ)

3. നിലവിലുള്ള കൈത്തറി നെയ്ത്തുകാരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും വൈവിധ്യമുള്ളതും സമാനതകളില്ലാത്തതുമായ മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരമ്പരാഗത നെയ്ത്തുകാരിൽ അന്തർലീനമായിരിക്കുന്ന കലാവിരുത് വികസിപ്പിച്ച് അവരുടെ നൈപുണ്യവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

4. ഐ.ഐ.എച്ച്.റ്റി., സി.എം.ഡി., ഐ.എം.ജി. തുടങ്ങിയ വ്യവസ്ഥാപിത ദേശീയ/സംസ്ഥാന സ്ഥാപനങ്ങളിലൂടെ നടത്തപ്പെടുന്ന പ്രസ്തുത പരിശീലന പരിപാടികൾക്ക് വകയിരുത്തിയിരിക്കുന്ന തുകയിൽ 60 ശതമാനം തുക വനിതാ നെയ്ത്തുകാർക്കായി മാറ്റിവച്ചിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് നിലവിൽ അനുവദിച്ചിരിക്കുന്ന 3.08 കോടി രൂപ പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയിലെ പരിശീലനവും വികസനവുമായി ബന്ധപ്പെട്ട പദ്ധതിക്ക് 3 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-103-31 കൈത്തറി മേഖലയ്ക്കുവേണ്ടിയുളള പുനരുദ്ധാരണ പുനർനിർമ്മാണ പദ്ധതി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

5. കൈത്തറി മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്ന പദ്ധതിയിൽ പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെയും (പി.ഡബ്ല്യു.സി.എസ്.) സംസ്ഥാനതല അപ്പക്സ് കൈത്തറി സംഘങ്ങളുടെയും (എ.ഡബ്ല്യു.സി.എസ്.) ഇതര സ്ഥാപനങ്ങളുടെയും പുനഃസംഘടന ഉദ്ദേശിക്കുന്നു. 80:20 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം ഉൾക്കൊളളുന്ന പദ്ധതിക്കായി 2014-2015-ൽ ഒരു ലക്ഷം രൂപ മാത്രമേ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുളളൂ. അർഹതപ്പെട്ട 251 സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്ക് ഈ തുക പര്യാപ്തമല്ല. ആയതിനാൽ കൈത്തറി മേഖലയ്ക്കുവേണ്ടിയുളള പുനരുദ്ധാരണ നിർമ്മാണ പദ്ധതിക്ക് ഈ ശീർഷകത്തിൽ 20.5 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനത്തിനായി മാർജിൻ മണി

ബഡ്ജറ്റ് വിഹിതം : ഇല്ല

6. കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനമൂലധനത്തിനായി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ**

2851-00-104-76 മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം : 1.51 കോടി രൂപ

ബാംബൂ കോർപ്പറേഷന്റെ വിഹിതം : ഇല്ല

7. മറ്റു തൊഴിൽ മേഖലകളെക്കാൾ കുറഞ്ഞ വേതനഘടനയും ആനുകൂല്യങ്ങളും സൗകര്യങ്ങളും മാത്രമേ പരമ്പരാഗത ഈറ്റവെട്ടു തൊഴിലാളികൾക്ക് ലഭിക്കുന്നുള്ളൂ എന്നതിനാൽ പലരും ഈ തൊഴിൽ ഉപേക്ഷിച്ച് പോകുന്നു. ഇതു പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| *പദ്ധതി* | *പ്രതീക്ഷിക്കുന്ന ചെലവ് (രൂപയിൽ)* |
|---|---|
| 1(എ). ഈറ്റവെട്ടുകാർക്ക് അടിയന്തര വൈദ്യ സഹായം നൽകുന്നതിനും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം വകുപ്പിന്റെ അനുമതിയോടെ ആറ് താൽക്കാലിക അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്. | 18 ലക്ഷം |

| പദ്ധതി | പ്രതീക്ഷിക്കുന്ന ചെലവ് (രൂപയിൽ) |
|---|---|
| (ബി). ഈറ്റവെട്ടുകാർക്ക് പ്രവർത്തനോപകരണങ്ങൾ നൽകുന്നത് | 5 ലക്ഷം |
| (സി). വെട്ടുകാരുടെ വനാന്തരങ്ങളിലേക്കുള്ള യാത്രാ സൗകര്യത്തിന് ജീപ്പ് വാങ്ങുന്നത് | 7 ലക്ഷം |
| ആകെ | 30 ലക്ഷം |
| 2. ഈറ്റ കുതിർത്തുന്നതിനുള്ള വെള്ള സംഭരണികൾ പണിയുന്നത് | 15 ലക്ഷം |
| 3. ഈറ്റ അളികളായി (Slivers) നൽകാൻ 10 സബ്സ്ലിവറിങ് സെന്ററുകൾ തുടങ്ങുന്നത് | 90 ലക്ഷം |
| 4. ഗവേഷണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമുള്ള സെന്റർ തുടങ്ങുന്നത് | 75 ലക്ഷം |
| 5. ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ ശക്തിപ്പെടുത്തുന്നത് | 25 ലക്ഷം |
| 6. മുളയെ അനുയോജ്യമായ ഗുണനിലവാരമുള്ളതാക്കി മാറ്റുവാനുള്ള കെമിക്കൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് | 50 ലക്ഷം |
| 7. ഈറ്റ/മുള എന്നിവയുടെ വിതരണത്തിനുള്ള പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നത് | 50 ലക്ഷം |
| 8. ബാംബൂ കോർപ്പറേഷനുവേണ്ട പ്രവർത്തന മൂലധനം | 200 ലക്ഷം |
| 9. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഈറ്റ-പനമ്പു മേഖലയിൽ മിനിമം കൂലി നടപ്പിലാക്കുന്നതിനുള്ള അധികച്ചെലവ് | 400 ലക്ഷം |
| ആകെ | 935 ലക്ഷം |

8. ബാംബൂ കോർപ്പറേഷന് ബഡ്ജറ്റിൽ പ്രത്യേക വിഹിതം വകയിരുത്തിയിട്ടില്ലെങ്കിലും പ്രസ്തുത കോർപ്പറേഷൻകൂടി ഉൾപ്പെടുന്ന ഹാന്റിക്രാഫ്റ്റ്സ് സെക്ടറിന് 365 ലക്ഷം രൂപയും മുളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 151 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ മേൽ സൂചിപ്പിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 9.35 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 1995 മുതൽ ഈ മേഖലയിലെ വിവിധ പുനരധിവാസ പദ്ധതികൾക്കായി നൽകിയിട്ടുള്ള 20.96 കോടി രൂപ സർക്കാർ കടമായി നിലനിർത്തിയിരിക്കുകയാണ്. ബാംബൂ കോർപ്പറേഷന് നിലവിലുള്ള നെഗറ്റീവ് നെറ്റ്‌വർത്ത് ഒഴിവാക്കുന്നതിനായി കടമായി നിലനിർത്തിയിരിക്കുന്ന 20.96 കോടി രൂപ ഷെയറാക്കി മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഖാദി വ്യവസായം**

2851-00-105-99 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ

31 സഹായധനം—ശമ്പളം

ബഡ്ജറ്റ് വിഹിതം : 2812.24 ലക്ഷം രൂപ (നോൺ പ്ലാൻ)

10. 1957-ലെ ആക്ട് IX പ്രകാരം ഖാദി ബോർഡിന്റെ ഭരണപരമായ ചെലവുകൾ അതായത് ജീവനക്കാരുടെ ശമ്പളം, പെൻഷൻ, യാത്രാപ്പടി, കണ്ടിജൻസി മുതലായവ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ബോർഡിന്റെ ഭരണപരമായ ചെലവുകൾ പരമാവധി കുറച്ചാലും നിലവിലെ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 280 ലക്ഷം രൂപയെങ്കിലും ചെലവാകും. 2014-2015 വർഷത്തേക്കുവേണ്ടി ഈ ഇനത്തിൽ 5096.57 ലക്ഷം രൂപയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചപ്പോൾ 2812.24 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക 2013-2014 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയേക്കാൾ കുറവാണെന്ന് മാത്രമല്ല, ഈ തുക ഏകദേശം 9 മാസത്തെ ചെലവുകൾക്ക് മാത്രമേ പര്യാപ്തമാവുകയുള്ളൂ. കൂടാതെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, ജി.പി.എഫ്.-ൽ നിക്ഷേപിക്കേണ്ടതുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2014-15 വർഷത്തിൽ ജീവനക്കാരുടെ പ്രതിമാസ ശമ്പളം, പെൻഷൻ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി 550 ലക്ഷം രൂപയും മുൻവർഷത്തെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 900 ലക്ഷം രൂപയും അധികമായി വേണ്ടതായിട്ടുണ്ട്.

11. 1990-1991 മുതൽ 2013-2014 ഡിസംബർ മാസംവരെ ഖാദി കമ്മീഷനിൽ തിരിച്ചടയ്ക്കുന്നതിനായുള്ള വായ്പ ഫണ്ടിൽ നിന്നും മറ്റു ഫണ്ടുകളിൽ നിന്നും പദ്ധതിയിതര ഭരണപരമായ ചെലവുകൾക്കുവേണ്ടി ഏകദേശം 3359.01 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി.

12. ആയതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ഭരണപരമായ പദ്ധതിയിതര ചെലവുകൾക്ക് 1450 ലക്ഷം രൂപയും 1990-1991 മുതൽ 2013-2014 വരെ ഖാദി കമ്മീഷനിൽനിന്നും ലഭിച്ച തുക വകമാറ്റി ചെലവഴിച്ച ഇനത്തിൽ തിരിച്ചടയ്ക്കേണ്ട 3359.01 ലക്ഷം രൂപയുടെ 25% ആയ 839.75 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ഖാദി ബോർഡിന് 2289.75 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-105-96 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്—ഖാദിയുടെ ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്

33 സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 6.6 കോടി രൂപ (നോൺ പ്ലാൻ)

13. 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 6 കോടി രൂപ നോർമൽ റിബേറ്റ് അനുവദിച്ചിരുന്നു. ഖാദി കമ്മീഷനിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന റിബേറ്റ് നിർത്തലാക്കി പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നടപ്പാക്കുകയും ചെയ്തതിനാൽ ഖാദിയുടെ ചില്ലറ വിൽപ്പനയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് 2013-2014 സാമ്പത്തിക വർഷം 26-9-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) നമ്പർ 1220/2013/ഐ.ഡി. പ്രകാരം ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്നതിനായി സംസ്ഥാന സർക്കാർ 9 കോടി രൂപ അധികം അനുവദിച്ചിരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഖാദി ബോർഡിന്റെയും ഖാദി സ്ഥാപനങ്ങളുടെയും വിൽപ്പന കണക്കിലെടുത്ത് റിബേറ്റ് തുക അനുവദിക്കേണ്ടതാകുന്നു.

14. 2014-15 സാമ്പത്തിക വർഷത്തിൽ നോർമൽ റിബേറ്റ് ഇനത്തിൽ 10 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ 6.6 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ഇതിനുപുറമെ 15 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തെ ഖാദി ചില്ലറ വിൽപ്പന കണക്കാക്കുമ്പോൾ റിബേറ്റിനായി അനുവദിച്ച തുക വളരെ കുറവാണ്.

15. ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ 2014-2015 സാമ്പത്തിക വർഷവും ഉത്സവകാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റ് നൽകുന്ന ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ നോർമൽ റിബേറ്റിനു പുറമെ 10 കോടി രൂപകൂടി വേണ്ടതായിട്ടുണ്ട്.

16. ആയതിനാൽ 2014-2015 സാമ്പത്തിക വർഷത്തിൽ ഖാദി ഉൽപ്പന്നങ്ങൾക്ക് അനുവദിക്കുന്ന നോർമൽ റിബേറ്റിന് 3.4 കോടി രൂപയും ഉത്സവകാലങ്ങളിലെ 10% അധിക റിബേറ്റിന് 10 കോടി രൂപയും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ഖാദി ബോർഡിന് 13.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-105-85 പ്രത്യേക തൊഴിൽസൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

17. പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രോജക്ട് ചെലവിന്റെ കുറഞ്ഞപരിധി 50,000 രൂപയായും കൂടിയ പരിധി 10,00,000 രൂപയായും നിശ്ചയിച്ച് ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ വ്യവസ്ഥകൾക്ക് വിധേയമായി

മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതും ശേഷിക്കുന്ന 60 ശതമാനം തുക ഗുണഭോക്തൃവിഹിതവും ബാങ്ക് വായ്പയുമായിരിക്കും. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവയ്ക്കായി 5 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4.5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-105-73 ഖാദി നെയ്ത്തുകാർക്കുള്ള ഉൽപ്പാദന/ഉത്സവകാല ഇൻസെന്റീവ്

ബഡ്ജറ്റ് വിഹിതം : 151.6 ലക്ഷം രൂപ (പ്ലാൻ)

18. നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉൽസവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാല ഇൻസെന്റീവും നൽകുന്ന പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന 12,500-ഓളം ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് ലഭിക്കുന്നതാണ്. 365 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ ഇതിനായി സമർപ്പിച്ചിരുന്നുവെങ്കിലും 151.60 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ബാക്കി തുകയായ 213.40 ലക്ഷം രൂപ കൂടി നടപ്പുസാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഖാദി മേഖലയുടെ ആധുനികവൽക്കരണം**

19. സർക്കാർ നിയോഗിച്ച ഖാദി മോഡണൈസേഷൻ കമ്മിറ്റി ഖാദി മേഖലയുടെ നവീകരണത്തിനായി പുതിയ 1500 തറികൾ സ്ഥാപിക്കുന്നതിനും 2500 ചർക്കകൾ ആധുനികവൽക്കരിക്കുന്നതിനും പുതുതായി സ്ഥാപിക്കുന്ന തറികൾക്ക് വർക്ക്ഷെഡ് നിർമ്മിക്കുന്നതിനും ഖാദി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും റെഡിമെയ്ഡ് പാവ് നൽകുന്നതിനുമായി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതനുസരിച്ച് 2013-2014, 2014-2015 വർഷങ്ങളിലായി 28.50 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 2013-2014 വർഷത്തിൽ ഇതിനായി 12.09 കോടി രൂപ 2014 ജനുവരിയിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഖാദി ബോർഡും മറ്റ് ഖാദി സ്ഥാപനങ്ങളും ചേർന്നാണ്. ഖാദി മേഖലയുടെ ആധുനികവൽക്കരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയായ 12.09 കോടി രൂപയും 2013-2014 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തി ഈ പദ്ധതിക്കായി വിനിയോഗിക്കുന്ന 2.16 കോടി രൂപയും കഴിച്ച് ബാക്കി തുകയായ 14.25 കോടി രൂപ കൂടി ഖാദി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കെൽപ്പാം**

2851-00-105-84 കേരള സ്റ്റേറ്റ് പാൽമിര പ്രോഡക്ട്സ് ഡെവലപ്മെന്റ് ആന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

4885-60-800-96 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ഉള്ള തുക

കെൽപ്പാമിന്റെ വിഹിതം : ഇല്ല

20. കരിമ്പന മേഖലയിലെ 80%-ത്തിലേറെ വരുന്ന ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ അടങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് 75 ലക്ഷം രൂപയും ഉഷ്ണമേഖലാ പ്രദേശങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി കരിമ്പന കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത് ശേഖരിച്ച് വിതരണം ചെയ്യുന്നതിന് 70 ലക്ഷം രൂപയും പനം പഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന നീര നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 40 ലക്ഷം രൂപയും ശീതളപാനീയം, പനയോല ഉൽപ്പന്നങ്ങൾ, ഫർണിച്ചർ, ബ്രഷ് മുതലായവയുടെ നിർമ്മാണ പരിശീലനത്തിനായി 75 ലക്ഷം രൂപയും കരിമ്പന മേഖലയിലെ തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എൻ.ബി.സി.എഫ്.ഡി.സി.യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാപദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് ചാനലയ്സിംഗ് ഏജൻസിയുടെ അംശദായമായി 45 ലക്ഷം രൂപയും പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉത്പന്നങ്ങൾ വികസിപ്പിച്ച് നിർമ്മിക്കുന്നതിന് പുതിയ ഫാക്ടറി, യന്ത്രസാമഗ്രികൾ എന്നിവ സജ്ജീകരിക്കുന്നതിനും ലബോറട്ടറി സ്ഥാപിക്കുന്നതിനുമായി 45 ലക്ഷം രൂപയും ചേർത്ത് കെൽപ്പാമിന് ആകെ 3.5 കോടി രൂപ വേണ്ടതായിട്ടുണ്ട്. കെൽപ്പാമിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 3 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കയർ വ്യവസായം**

2851-00-106-93 ക്ഷേമ നടപടികൾ

ബഡ്ജറ്റ് വിഹിതം : 27.5 കോടി രൂപ (നോൺ പ്ലാൻ)

21. കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതമാണിത്. 2011-2012 വരെ പദ്ധതി ഇനത്തിലാണ് ഇതിനായി തുക വകയിരുത്തിയിരുന്നത്. 2012-2013 മുതൽ ഇത് പദ്ധതിയിതര ഇനത്തിലേക്ക് മാറ്റുകയുണ്ടായി. പ്രതിമാസം 600 രൂപവച്ച് പെൻഷൻ, കൂടാതെ കുടുംബ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനും

വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുമുൾപ്പെടെ ഏകദേശം 50 കോടി രൂപയിലേറെ ഒരു വർഷം ചെലവു വരും. 2013-2014 വർഷത്തെ പെൻഷൻ പൂർണ്ണമായി നൽകാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കയർ തൊഴിലാളികൾക്ക് പെൻഷൻ, വിരമിക്കൽ ആനുകൂല്യം എന്നിവ നൽകുന്നതിനും മറ്റു ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-106-92 വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

22. 50% കേന്ദ്രവിഹിതമായ ഈ പദ്ധതിയിൽ കയർ ബോർഡ് റീഇംബേഴ്സ്മെന്റാ യാണ് തുക അനുവദിക്കുന്നത്. മുൻ മൂന്നു വർഷത്തെ വിൽപ്പനയുടെ ശരാശരി കണക്കാക്കി, അതിന്റെ 10 ശതമാനമാണ് കയർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കയർ ഫെഡിനും മറ്റു കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വിപണി വികസന സഹായമായി അനുവദിക്കുന്നത്. ഈ ഇനത്തിൽ പ്രതിവർഷം 15 കോടിയിലേറെ ചെലവ് വരുന്നതും, 2013-14-ലെ അർഹതപ്പെട്ട തുക പൂർണ്ണമായും മടക്കി നൽകാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2014-15 വർഷത്തിൽ ഏകദേശം 20 കോടി രൂപ കയർ ബോർഡിന് ഈ ഇനത്തിൽ വേണ്ടതായിട്ടുണ്ട്. എന്നാൽ കേന്ദ്ര, സംസ്ഥാന വിഹിതങ്ങളായി 5 കോടി വീതം ആകെ 10 കോടി രൂപ മാത്രമേ ഈ ഇനത്തിൽ വകയിരുത്തി യിട്ടുള്ളൂ. ആയതിനാൽ കയറിന്റെയും കയറുത്പന്നങ്ങളുടെയും വിപണി വികസന സഹായത്തിനായി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപകൂടി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-106-62 കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

ബഡ്ജറ്റ് വിഹിതം : 7058.90 ലക്ഷം രൂപ (പ്ലാൻ)

23. ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന തുക കയർ സഹകരണ സംഘങ്ങളുടെ വിവിധ പുനരുജ്ജീവന പരിപാടികൾക്ക് വ്യവസ്ഥകൾ പ്രകാരം വിനിയോഗിക്കാവുന്നതാണെങ്കിലും ഈ പദ്ധതിയിൽ മനുഷ്യവിഭവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധന സഹായം വിഭാവനം ചെയ്തിട്ടില്ല എന്ന് ബഡ്ജറ്റ് രേഖകളിൽ സൂചിപ്പിച്ചിരിക്കുന്നു. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ പ്രവർത്തന മൂലധനം കൂടി നൽകി പദ്ധതി നടപ്പാക്കിയാൽ മാത്രമേ സംഘങ്ങളുടെ പുനരുജ്ജീവന പരിപാടി കാര്യക്ഷമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മാനവശേഷി, മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയ്ക്കുള്ള പ്രവർത്തന മൂലധനമായി ഉപയോഗിക്കുവാൻ പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2851-00-106-33 കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

ബഡ്ജറ്റ് വിഹിതം : ഇല്ല

24. സ്വകാര്യ സഹകരണ കയർ മേഖലയിൽ കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വയംസഹായ സംഘങ്ങളെകൂടി ഉൾപ്പെടുത്തുന്നതടക്കമുള്ള കയർ കടാശ്വാസ പദ്ധതിയുടെ ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടെങ്കിലും പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ കയർ മേഖലയിലെ കടാശ്വാസ പദ്ധതിക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ദിനേശ് ബീഡി തൊഴിലാളികൾ ഒഴികെയുള്ള ബീഡി തൊഴിലാളികൾക്ക് മറ്റു തൊഴിൽ മേഖലകളിലേക്ക് മാറുന്നതിനായുള്ള സഹായ പദ്ധതി**

ബഡ്ജറ്റ് വിഹിതം : ഇല്ല

25. ബീഡി വ്യവസായം ഇപ്പോൾ പ്രോത്സാഹിപ്പിക്കാത്ത സാഹചര്യത്തിൽ ദിനേശ് ബീഡി തൊഴിലാളികൾ ഒഴികെയുള്ള ബീഡി തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളിലേക്ക് മാറുന്നതിന് സഹായം നൽകുന്ന പദ്ധതിക്കായി ഒരു ശീർഷകം ആരംഭിച്ച് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ദിനേശ് ബീഡി തൊഴിലാളികളുടെ പുനരധിവാസം**

26. കണ്ണൂരിലെ ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അടിയന്തരമായി അനുമതി നൽകണമെന്നും ഇതിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉൾപ്പെടുത്തി ഒരു കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ**

2852-08-600-82 കശുവണ്ടി വികസന കോർപ്പറേഷൻ—ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

4860-60-190-94 കെ.എസ്.സി.ഡി.സി.യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 28 കോടി രൂപ (പ്ലാൻ)

നോൺ പ്ലാൻ : ഇല്ല

27. ബാങ്കുകൾ പ്രവർത്തന മൂലധനമായി നൽകിയ 59 കോടി രൂപയും സർക്കാർ ദീർഘകാല വായ്പയായി നൽകാമെന്നേറ്റിട്ടുള്ള 40 കോടി രൂപയും അതിന്റെ പലിശയും ചേർത്ത് ആകെ 99 കോടി രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്നും അത് തവണകളായി അടയ്ക്കുന്നതിന് അനുവാദം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. 2013 വരെ കോർപ്പറേഷനിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 36.86 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. കോർപ്പറേഷൻ വാടകയ്ക്ക് നടത്തിവരുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽസുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത 20 ഫാക്ടറികൾ വാങ്ങുന്നതിനായി 25 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. കോർപ്പറേഷനെ സ്വയംപര്യാപ്തമാക്കുന്നതിന് 100 കോടി രൂപ പ്രവർത്തന മൂലധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 231.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. ഗ്യാരണ്ടി കമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും കോർപ്പറേഷന് ഒഴിവാക്കിക്കൊടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്)**

2852-08-600-81 ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

നോൺ പ്ലാൻ : ഇല്ല

4860-60-190-93 കാപ്പക്സിനു കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 18 കോടി രൂപ (പ്ലാൻ)

നോൺ പ്ലാൻ : ഇല്ല

33. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് നിയമാനുസൃത ബാധ്യതകൾ തുടങ്ങിയവയുടെ ഒറ്റത്തവണ തീർപ്പാക്കലിനുവേണ്ടി 2 കോടി രൂപയും ഗ്രാറ്റുവിറ്റി ബാധ്യതകൾ തീർക്കുന്നതിനായി 3 കോടി രൂപയും വിൽപ്പന നികുതിയുടെ ആംനെസ്റ്റി സ്കീം പൂർണ്ണമായും അടച്ചു തീർക്കുന്നതിലേക്കായി 11 കോടി രൂപയും ചേർത്ത് 16 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ കാപ്പക്സിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്)**

2852-80-800-88 പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 1.35 കോടി രൂപ (പ്ലാൻ)

75 ലക്ഷം രൂപ (നോൺ പ്ലാൻ)

34. റിയാബിന് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം ഇല്ലാത്തതിനാൽ സർക്കാർ ഉടമസ്ഥതയിലോ മറ്റു സർക്കാർ ഏജൻസികളുടെ ഉടമസ്ഥതയിലോ ഉള്ള കെട്ടിടത്തിൽ സ്ഥിരമായി ഒരു ഓഫീസ് സൗകര്യം ഉണ്ടാക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ആയതിനുള്ള ആദ്യഘട്ട ധനസഹായമായി ഒരു കോടി രൂപ അധിക പദ്ധതി വിഹിതമായി അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

**കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ)**

2851-00-104-84 കരകൗശല മേഖലയിൽ ഉദ്യമകർത്തവ്യ സഹായം

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

35. പിന്നോക്ക വിഭാഗങ്ങളിലോ ന്യൂനപക്ഷ വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ഗുണഭോക്താക്കൾക്ക് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവയുടെ അതേ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തവണ വായ്പ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കാഡ്കോ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സുരഭി, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപ്പാം, കെ-ബിപ് എന്നീ സ്ഥാപനങ്ങളിലൂടെ 80 കരകൗശല വിദഗ്ദ്ധർക്ക് സ്വയം തൊഴിൽ സാധ്യതകൾ ഒരുക്കുന്ന പദ്ധതിയിൽ കാഡ്കോയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

36. ആയതിനാൽ ഏകദേശം 80 ആർട്ടിസാൻസുകാർക്ക് സ്വയം തൊഴിൽ സംരംഭത്തിന് വായ്പ നൽകുന്നതിലേക്കായി കാഡ്കോയ്ക്ക് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4851-00-104-99 കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷൻസിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

കാഡ്കോയുടെ വിഹിതം : 50 ലക്ഷം രൂപ

37. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് കാഡ്കോയ്ക്ക് ലഭിച്ച വിഹിതം 50 ലക്ഷം രൂപയാണ്. വിവിധ മേഖലകളിൽ, പ്രത്യേകിച്ച് വനിതകൾക്കായി എല്ലാ ജില്ലകളിലും തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആർട്ടിസാൻസ് ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണ

ത്തിന്റെ ഭാഗമായി കേരളത്തിനകത്തും ഇന്ത്യയിലെ മറ്റു പ്രധാന നഗരങ്ങളിലും സംഘടിപ്പിക്കുന്ന പ്രദർശന, വിപണന മേളകളിൽ പങ്കെടുക്കുന്നതിനും, ബയർ-സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുന്നതിനും കാഡ്കോ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ 1 കോടി രൂപ കൂടി കാഡ്കോയ്ക്ക് ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ**

ബഡ്ജറ്റ് വിഹിതം : ഇല്ല

38. അണക്കെട്ടിൽനിന്ന് ചെളിയും മണലും നീക്കുന്നതിനുള്ള "ഡീസിൽറ്റിംഗ്" പദ്ധതി പ്രകാരം മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ അണക്കെട്ടുകളിൽനിന്നും ചെളിയും മണലും നീക്കംചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വേർതിരിച്ചെടുക്കുന്ന മണൽ സംസ്ഥാനത്തെ മണൽക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് സഹായകമാകും. കൂടാതെ മണൽ വേർതിരിച്ചുകിട്ടുന്ന ചെളി, ഇഷ്ടിക, ഓട് എന്നിവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ആ മേഖലയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഒരു വർഷം ഏകദേശം 5.74 ലക്ഷം ടൺ മണലും 1.53 ലക്ഷം ടൺ ചെളിയും ഉൽപ്പാദിപ്പിക്കാനുദ്ദേശിച്ചുകൊണ്ട് ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് ഏകദേശം 17.31 കോടി രൂപ മൂലധന ചെലവും 21.56 കോടി രൂപ വരവും പ്രതീക്ഷിക്കുന്നു. 16.12 കോടി രൂപ റവന്യൂ ചെലവ് കഴിച്ച് പദ്ധതിയിൽ നിന്ന് 5.44 കോടി രൂപ മിച്ചം പ്രതീക്ഷിക്കുന്നുണ്ട്.

39. ആയതിനാൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രസ്തുത പദ്ധതിക്ക് 17.31 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. ആലപ്പുഴ ജില്ലയുടെ കാർത്തികപള്ളി താലൂക്കിൽ ഹാർബറിന്റെ തെക്കു ഭാഗത്ത് ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സിലിമിനേറ്റ് തുടങ്ങിയ ധാതു നിക്ഷേപം ചെറിയ തോതിൽ ഉണ്ട്. ഈ ധാതുനിക്ഷേപം താത്ക്കാലികവും കടലിലെ ഒഴുക്കുകളുടെ (ഓഷ്യൻ കറന്റ്സ്) വ്യത്യാസം അനുസരിച്ച് കടലിലേക്ക് തിരിച്ച് ഒഴുകിപ്പോകുന്നതുമാണ്. ഈ ധാതുനിക്ഷേപം അപ്പപ്പോൾ എടുത്തില്ലെങ്കിൽ കടലിലേക്ക് ഒഴുകിപ്പോകുകയും എന്നന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യും.

41. ഇതുപോലെയുള്ള ധാതുനിക്ഷേപം കായംകുളം ഷിപ്പിംഗ് ഹാർബറിന്റെ അടുത്ത് കായംകുളം പൊഴിയുടെ സമീപത്തും ഉണ്ട്. ഏകദേശം 30 മീറ്റർ വീതിയിലും 2000 മീറ്റർ നീളത്തിലും ഈ നിക്ഷേപം ഉണ്ട്. ഈ പ്രദേശത്തുനിന്ന് ഒരു വർഷം ഏകദേശം 54000 ടൺ ധാതുനിക്ഷേപം ഉള്ള മണൽ ലഭ്യമാണ്. ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് ഓഷ്യൻ കറന്റ്സിന്റെ ചലനം അനുസരിച്ചും 5 മുതൽ 6 വർഷംവരെ ഖനനം ചെയ്യാനുള്ള ധാതുനിക്ഷേപം ലഭ്യമാണ്.

42. KMML, IRE തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഇപ്പോൾത്തന്നെ അസംസ്കൃത മണലിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. KMML, ടൈറ്റാനിയം സ്പോഞ്ച് മുതലായ മൂല്യവർദ്ധിതവസ്തുക്കൾ ഉണ്ടാക്കുന്നുണ്ട്. കെംഡൽ ഉത്പാദിപ്പിക്കുന്ന അസംസ്കൃത മണൽ, KMML, IRE തുടങ്ങിയ സ്ഥാപനങ്ങൾക്ക് വിൽക്കാവുന്നതാണ്. ഏകദേശം 2,000 രൂപ ഒരു ടണ്ണിന് എന്ന കണക്കിനാണ് KMML ഇപ്പോൾ അസംസ്കൃത മണൽ എടുക്കുന്നത്. 300 ലക്ഷം രൂപ മൂലധന ചെലവും 1080 ലക്ഷം രൂപ വരവും 815 ലക്ഷം രൂപ റവന്യൂ ചെലവും 265 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന പദ്ധതിയാണ്. ആയതിനാൽ ധാതുമണൽ ഖനനത്തിനുള്ള പ്രസ്തുത പദ്ധതിക്കാവശ്യമായ 3 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. കെട്ടിടനിർമ്മാണ വ്യവസായത്തിലേക്ക് ആവശ്യമായ മണൽ കടലിൽ നിന്നും ഖനനം ചെയ്യാവുന്നതാണ്. ഇതിൽനിന്നും കളിമണ്ണും, കക്കത്തോടും മറ്റും മാറ്റി കഴുകി വൃത്തിയാക്കി, ലവണാംശം മാറ്റി വൃത്തിയാക്കിയ മണൽ എല്ലാത്തരം ഉപയോഗങ്ങൾക്കും ഇന്ത്യൻ ഗുണനിലവാര സ്റ്റാൻഡേർഡു പ്രകാരം ഉചിതമാണ്. കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്ന സ്ഥാപനം ഇതിലേക്ക് ആവശ്യമായ പഠനങ്ങൾ കൊല്ലം, പൊന്നാനി സമുദ്രതീരങ്ങളിൽ നടത്തിയിട്ടുള്ളതാണ്. പാലിയൊ ബീച്ചിൽനിന്നും മണൽ ഖനനം ചെയ്യുന്ന ഈ പദ്ധതിയുടെ പ്രാരംഭ ചെലവിനായി 3 കോടി രൂപ ഗ്രാന്റായി മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

44. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 2013-2014 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ച 16 ടൺ ഹാമ്മറിന് സഹായകരമായ 1600 ടൺ ട്രിമ്മിംഗ് പ്രസ് ഉൾപ്പെടെയുള്ള ചില ബാലൻസിംഗ് ഉപകരണങ്ങൾ കൂടി സ്ഥാപിച്ചാൽ മാത്രമേ യന്ത്രങ്ങളുടെ ഉത്പാദനക്ഷമത ഉദ്ദേശിക്കുന്ന തരത്തിൽ വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ കാലഹരണപ്പെട്ട 10 ടൺ ഹാമ്മർ മാറ്റി പുതിയത് വാങ്ങേണ്ടതുണ്ട്. ഏകദേശം 9 കോടി രൂപ ചെലവഴിച്ച് പ്രവർത്തനമാരംഭിച്ച ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ ലാഭകരമായ പ്രവർത്തനത്തിന് ആവശ്യമായ മെട്രോളജി ലാബ് ഉപകരണങ്ങൾ, ഇംപോർട്ടഡ് ഗിയർ ഗ്രൈന്റിംഗ് മെഷീൻ എന്നീ സൗകര്യങ്ങളും കൂടി ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പുതിയ ഹാമ്മറിന്റെ അനുബന്ധ ബാലൻസിംഗ് ഉപകരണങ്ങൾക്കായി 10.85 കോടി രൂപയും കാലഹരണപ്പെട്ട 10 ടൺ ഹാമ്മർ മാറ്റി സ്ഥാപിക്കുന്നതിന് 12 കോടി രൂപയും, ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 6.6 കോടി രൂപയും ചേർത്ത് ആകെ 29.45 കോടി രൂപ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (സിൽക്ക്)**

ബഡ്ജറ്റ് വിഹിതം : ഇല്ല

45. കോഴിക്കോട് ബേപ്പൂരിലുള്ള സിൽക്കിന്റെ യൂണിറ്റിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 'PET' ബോട്ടിൽ നിർമ്മാണത്തിനാവശ്യമായ പ്രീ-ഫോം നിർമ്മാണ യൂണിറ്റിനായി 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : 10.03 കോടി രൂപ

46. കേരള ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള ഓട്ടോമൊബൈൽസ് ത്രിചക്ര വാഹനങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തി വരുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പരിസ്ഥിതി സൗഹൃദമായിട്ടുള്ള സി.എൻ.ജി./എൽ.പി.ജി. ത്രിചക്ര വാഹനങ്ങൾ ഉത്പാദിപ്പിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ രംഗത്തിന് പ്രചോദനവും പ്രവൃത്തി പരിചയവും നൽകുന്നതിനുവേണ്ടി സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിനുമായി 6 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ആട്ടോകാസ്റ്റ് ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

47. ആട്ടോകാസ്റ്റ് ലിമിറ്റഡിൽ താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

| *പ്രവർത്തനം* | *പ്രതീക്ഷിക്കുന്ന ചെലവ് (രൂപ കോടിയിൽ)* |
|---|---|
| (എ) മെൽറ്റിംഗ് ഡിപ്പാർട്ട്മെന്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നത് | 1.28 |
| (ബി) മോൾഡിംഗ് ഡിപ്പാർട്ട്മെന്റിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നത് | 2.25 |
| (സി) കാസ്റ്റിംഗ് ഗുണമേന്മ ഉറപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുടെ നവീകരണം | 0.22 |
| (ഡി) 110 കെ.വി. സബ്സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾ | 1.53 |
| (ഇ) മെഷീനിംഗ് സൗകര്യങ്ങൾ | 1 |
| ആകെ | 6.28 |

48. ആട്ടോകാസ്റ്റിന്റെ പ്രസ്തുത പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി 6.28 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

49. മെറ്റൽ ഇൻഡസ്ട്രീസിൽ നിലനിന്നിരുന്ന ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട എൽ.ഐ.സി.-യുടെ GGPE(Group Gratuity Pure Endowment)-ന്റെ അപാകതകൾ ഓഡിറ്റിംഗിൽ ചൂണ്ടിക്കാണിക്കപ്പെട്ടതിനെ തുടർന്ന് എൽ.ഐ.സി.-യുടെ തന്നെ GGCA(Group Gratuity Cash Accommodation Scheme)-ലേക്ക് മാറുകയുണ്ടായി. ഇതിന്റെ ഭാഗമായി 31-3-2013 വരെയുള്ള ഗ്രാറ്റുവിറ്റി ബാദ്ധ്യതയായ 31,14,586 രൂപ എൽ.ഐ.സി.-യിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. കൂടാതെ 1-4-2013 മുതൽ 31-3-2014 വരെയുള്ള അധിക ബാധ്യതയായി 5 ലക്ഷം രൂപയും കണക്കാക്കുന്നു.

50. നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ജീവനക്കാരുടെ നിയമപ്രകാരമുള്ള ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾക്കുള്ള തുകയുടെ സ്രോതസ്സ് കണ്ടെത്താൻ നിർവ്വാഹമില്ലാത്തതിനാൽ കമ്പനിക്ക് ഈ ഇനത്തിൽ 36,14,586 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കേരള സിറാമിക്സ് ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

51. കേരള സിറാമിക്സ് ലിമിറ്റഡിന്റെ കുണ്ടറയിലുള്ള ക്ലെയിസ് ആന്റ് മിനറൽസ് ഡിവിഷൻ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഗുണമേന്മയുള്ള ക്ലേ പൗഡർ ഉൽപ്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മുഖേന കണ്ടെത്തി ഏറ്റെടുക്കുന്നതിനായി 8 കോടി രൂപ അഭ്യർത്ഥിച്ചതിൽ 3 കോടി രൂപ 2011-ൽ ലഭിക്കുകയുണ്ടായി. 2012-ലെ വിഷയനിർണ്ണയ സമിതി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ സ്ഥലത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഖനനത്തിന് ആവശ്യമുള്ള സ്ഥലം മുഴുവനായും വാങ്ങുന്നതിനായി 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. കമ്പനിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ലേ പൗഡറുകൾ നിർമ്മിക്കുന്നതിനും പ്രസ്സ് കേക്ക് നാചറൽ ഡ്രൈയിംഗ് ചെയ്യുന്നതിനുവേണ്ടി ഒരു ഡ്രൈയിംഗ് ഷെഡ് നിർമ്മിക്കുന്നതിനു വേണ്ടിയും ഉണങ്ങിയ ക്ലേ കേക്ക് പൊടിച്ച് വിൽപ്പന നടത്തുന്നതിന് ഒരു പൾവറൈസ്ഡ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി 1.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

53. നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡിന് ഇ.എസ്.ഐ., പി.എഫ്., സെയിൽസ് ടാക്സ് തുടങ്ങിയ ഇനത്തിൽ ഏകദേശം 2.5 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. പ്രസ്തുത ബാദ്ധ്യത നികത്തുന്നതിനായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്**

6853-60-190-97 ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : ഇല്ല

54. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് താഴെ ചേർത്തിരിക്കുന്ന പ്രകാരം വൈവിദ്ധ്യവൽക്കരണ വികസന പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു:

| | *പദ്ധതികൾ* | *പ്രതീക്ഷിക്കുന്ന ചെലവ് (രൂപ കോടിയിൽ)* |
|---|---|---|
| (എ) | കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം | 15 |
| (ബി) | ജിപ്സം അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും | 5 |
| (സി) | ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡിന്റെ ഉത്പാദനം | 5 |
| (ഡി) | കാലപ്പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മാറ്റി പുതിയ ഊർജ്ജക്ഷമതയുള്ളവ സ്ഥാപിച്ച് വിപുലീകരിക്കുന്നത് | 20 |
| | ആകെ | 45 |

55. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പ്രസ്തുത വൈവിദ്ധ്യവൽക്കരണ പദ്ധതികൾക്കായി 45 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം ഉപേക്ഷിച്ച സാഹചര്യത്തിൽ ഇവയ്ക്കുവേണ്ടി ഇറക്കുമതി ചെയ്ത യന്ത്രോപകരണങ്ങൾ ആവശ്യമില്ലാതെ വരികയുണ്ടായി. എന്നാൽ നികുതിയിനത്തിൽ 14.63 കോടി രൂപയും അതിന്റെ 15% പലിശയും പിഴപ്പലിശയും 2007 മുതൽ കസ്റ്റംസിന് നൽകേണ്ടതുണ്ട്. ഈ സാമ്പത്തിക ബാധ്യത തീർക്കാൻ കമ്പനിക്ക് സർക്കാർ സഹായധനം അനുവദിക്കണമെന്ന് 2011-12-ലെ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ റിപ്പോർട്ടിലെ ഖണ്ഡിക 58 മുഖേന ശുപാർശ ചെയ്തിരുന്നുവെങ്കിലും നാളിതുവരെ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ കസ്റ്റംസിനുള്ള സാമ്പത്തിക ബാധ്യത തീർക്കാൻ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് 14.63 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

ബഡ്ജറ്റ് വിഹിതം : ഇല്ല

57. ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് രണ്ട് സ്കിപ്പ് സ്ട്രാൻഡേഴ്സ് വാങ്ങുന്നതിനായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. ട്രാക്കോ കേബിൾ കമ്പനിയുടെ പ്രഥമ യൂണിറ്റായ ഇരുമ്പനത്ത് താഴെ ചേർത്തിരിക്കുന്ന പ്രകാരം നവീകരണ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്:

| *പ്രവൃത്തി* | *പ്രതീക്ഷിക്കുന്ന ചെലവ് (രൂപ ലക്ഷത്തിൽ)* |
|---|---|
| (എ) പുതിയ റീവൈന്റിംഗ് മെഷീൻ | 15 |
| (ബി) 3 വയർ ഡ്രോയിങ്, 6 ട്യൂബുലർ സ്ട്രാൻഡർ എന്നിവയുടെ നവീകരണം | 85 |
| (സി) പ്ലാന്റിന് ചുറ്റുമുള്ള റിംഗ് റോഡ് ടാറിംഗ് | 15 |
| (ഡി) ക്യാന്റീൻ കെട്ടിടം, പ്ലാന്റ്, ടെസ്റ്റ് ലാബ്, സ്കൂട്ടർ ഷെഡ് എന്നിവയുടെ നവീകരണം | 7.75 |
| (ഇ) കൺട്രോളർ കേബിളിനുള്ള ഡയമീറ്റർ സെൻസറും ഹൈഡ്രോളിക് കട്ടറും | 5.50 |
| ആകെ | 128.25 |

59. ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി 128.25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**അഭിവൃദ്ധിപ്പെടാൻ സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

4885-60-800-96 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള തുക

ബഡ്ജറ്റ് വിഹിതം : 100 കോടി രൂപ (പ്ലാൻ)

60. 2010-2011 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വായ്പയായും ഇക്വിറ്റിയായും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (KMML) മലബാർ സിമന്റ്സ് ലിമിറ്റഡ് (MCL) എന്നീ സ്ഥാപനങ്ങളിൽനിന്നും യഥാക്രമം 60 കോടി രൂപയും, 30.90 കോടി രൂപയും നൽകിയിരുന്നു. ഇക്വിറ്റിയിനത്തിൽ നൽകിയ ധനസഹായത്തിന് ഇതുവരെ ഷെയർ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി KMML, MCL എന്നീ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി

സർക്കാർ നേരിട്ട് നൽകുന്നതിലേക്കായി 90.90 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുകയോ അല്ലെങ്കിൽ വായ്പ വാങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം ഈ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. റിയാബിന്റെ ചുമതലയിൽ 2014-2015 സാമ്പത്തിക വർഷം 4885-60-800-96(പി) എന്ന ശീർഷകത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനായി അനുവദിച്ച 5 കോടി രൂപയും, പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കായി അനുവദിച്ച 2.50 കോടി രൂപയും ചേർത്ത് ആകെ 7.50 കോടി രൂപ പലിശരഹിത വായ്പയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

62. ടെക്സ്റ്റയിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ അധീനതയിൽ പുതിയതായി ആരംഭിച്ച മില്ലുകൾക്കായി 20 കോടി രൂപ അധിക ധനസഹായം പ്രവർത്തനമൂലധനമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

63. കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ആയതിനാൽ വില കുറഞ്ഞിരിക്കുന്ന അവസരത്തിൽ പരുത്തി സംഭരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 30 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

64. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനു വേണ്ടി 10 കോടി രൂപ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

65. കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് നയത്തിന്റെ ഭാഗമായുള്ള സ്കീമിൽ ഉൾപ്പെടുത്തി കെൽട്രോണിന്റെയും സബ്സിഡിയറി കമ്പനികളുടെയും നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

6885-60-190-99 കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനുള്ള വായ്പകൾ

01—സംസ്ഥാന പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 148.79 കോടി രൂപ

66. സംസ്ഥാനത്തെ വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും സമീപ പ്രദേശങ്ങളിൽ കിൻഫ്ര മുഖാന്തരം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായ വികസന മേഖലകൾക്കുള്ള സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനു പുറമെ 200 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### വിവരസാങ്കേതികവിദ്യാ വകുപ്പ്

4859-02-190-94 ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 26 കോടി രൂപ (പ്ലാൻ)

67. കോഴിക്കോട് ഐ.ടി. പാർക്കിലെ വികസനപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും കൊരട്ടി ഐ.ടി. പാർക്കിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് വില നൽകുന്നതിനും പാല ഐ.ഐ.ഐ.ടി., ഇൻഫോസിറ്റി എന്നിവയ്ക്ക് സ്ഥലമെടുക്കുന്നതിനും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ആകെ 123.79 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4859-02-800-98—വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 123.45 കോടി രൂപ (പ്ലാൻ)

68. ഇൻഫോപാർക്കിന്റെ കീഴിൽ കൊച്ചി, ചേർത്തല, കൊരട്ടി എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ പ്രവർത്തിക്കുന്നു.

69. ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലുമായി 18.50 ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 12 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലായി വിവിധ ഐ.ടി. സ്ഥാപനങ്ങളായ എൽ. ആന്റ് ടി. ടെക്നോപാർക്ക്സ് ലിമിറ്റഡ്, ഐ.ബി.എസ്. സോഫ്റ്റ്വെയർ, ജിയോനറി തുടങ്ങിയവ ഉടനെ ആരംഭിക്കുന്നതാണ്.

70. കൊരട്ടി ഐ.ടി. പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിനായി 20 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിനായി 15 കോടി രൂപയും ആവശ്യമുണ്ട്.

71. കൊരട്ടി ഐ.ടി. പാർക്കിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്കുള്ള വില നൽകുന്നതിനായി 3.05 കോടി രൂപ ആവശ്യമുണ്ട്.

72. ടെക്നോപാർക്ക് ഒന്നാം ഘട്ടം മൾട്ടിലെവൽ കാർ പാർക്കിംഗിന്റെയും മൂന്നാം ഘട്ടം അടിസ്ഥാന സൗകര്യങ്ങളുടെയും പണി പുരോഗമിച്ചുകൊണ്ടി രിക്കുന്നു. ടെക്നോസിറ്റിയിൽ ഭൂമി നിരപ്പാക്കൽ, റോഡ് വികസനം, ജലലഭ്യത തുടങ്ങിയവയുടെ പണി പുരോഗമിച്ചുവരുന്നു. കൊല്ലം ടെക്നോപാർക്കിൽ ഭൂമി നിരപ്പാക്കൽ തുടങ്ങിയവയുടെ പണിയും നടന്നുവരുന്നു.

73. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടെക്നോപാർക്കിന് 9.02 കോടി രൂപയും ഇൻഫോപാർക്കിന് 123.05 കോടി രൂപയും ചേർത്ത് ആകെ 132.07 കോടി രൂപ അധികം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4859-02-800-97 വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും—നബാർഡ് സഹായത്തോടെ

ബഡ്ജറ്റ് വിഹിതം : 11 കോടി രൂപ (പ്ലാൻ)

74. കോഴിക്കോട് ഐ.ടി. പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിന് രൂപരേഖ തയ്യാറായിരിക്കുകയും പാരിസ്ഥിതിക അനുമതി ലഭ്യമായിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കെട്ടിടനിർമ്മാണം ഉടൻ ആരംഭിക്കേണ്ടതുണ്ട്. കൂടാതെ കുറച്ച് സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകളുടെ ഐ.ടി. കെട്ടിടനിർമ്മാണത്തിന് 39 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4859-02-190-93 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്—ഓഹരി മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 14.6 കോടി രൂപ (പ്ലാൻ)

75. തിരുവനന്തപുരം ടെക്നോപാർക്ക് ക്യാമ്പസിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിക്ക് ടെക്നോസിറ്റിയിൽ കൈമാറി ലഭിച്ച 10 ഏക്കർ സ്ഥലത്ത് സ്വന്തം ക്യാമ്പസ് പണിയുന്നതിന് മുൻവർഷം നിർദ്ദേശിച്ചിരുന്ന 61.68 കോടി രൂപ നിർദ്ദേശിച്ചിരുന്നെങ്കിലും മതിയായ തുക അനുവദിച്ചിരുന്നില്ല. ആയതിനാൽ ടെക്നോസിറ്റി ക്യാമ്പസ് നിർമ്മാണത്തിന് ആവശ്യമായ ബാക്കി 39.37 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4859-02-800-89 നൂതന സാങ്കേതിക മേഖല

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ (പ്ലാൻ)

76. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ പൊതു സ്വകാര്യ പങ്കാളിത്ത മോഡലിൽ കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്കിൽ സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്ന പേരിൽ ഒരു റ്റി.ബി.ഐ.സി. 2012 മാർച്ചിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. തുടക്കത്തിൽ 5000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ആരംഭിച്ച

ഈ പദ്ധതി 10000 ചതുരശ്ര അടിയിലേക്കുകൂടി കിൻഫ്ര വ്യാപിപ്പിച്ചിട്ടുണ്ട്. ഇതു പൂർത്തിയാവുന്നതോടെ 35-ാളം കമ്പനികളെ ഇൻക്യുബേറ്റ് ചെയ്യുവാൻ കഴിയും. ഒരു ലക്ഷം ചതുരശ്ര അടിയുടെ ഒരു കെട്ടിടത്തിന്റെ പണികൂടി ഈ ഇൻക്യുബേറ്ററിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി തുടങ്ങിയിട്ടുണ്ട്. അടുത്ത 10 വർഷത്തോടെ 10000 ഉൽപ്പന്നങ്ങളുടെ സ്റ്റാർട്ട്-അപ്പ് കമ്പനികളാണ് സംരംഭകർ ലക്ഷ്യമിടുന്നത്.

77. യുവാക്കളിൽ ബിസിനസ്സ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി അവ പൂർണ്ണമായും വികസിപ്പിച്ചെടുത്ത് ടെലികമ്മ്യൂണിക്കേഷൻ അനുബന്ധ മേഖലകളുടെ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുക എന്നതാണ് സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്ന റ്റി.ബി.ഐ.സി. മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികൾതന്നെ അംബാസിഡർമാരായി മാറുകയും അവരുടെ സാങ്കേതിക വൈദഗ്ധ്യം പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ടെലികമ്മ്യൂണിക്കേഷൻ, ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിലെ വിവിധ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനും സ്റ്റാർട്ട്-അപ്പ് വില്ലേജ് വിഭാവനം ചെയ്യുന്നുണ്ട്. സംരംഭകർക്ക് ആശയങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം അവരുടെ മേഖലകളിൽ അഗ്രഗണ്യൻമാരായ വ്യവസായ പ്രമുഖരിലൂടെ മെന്റിംഗ് സൗകര്യത്തിനും നെറ്റ് വർക്കിങ് അവസരങ്ങൾക്കും സാഹചര്യം ഒരുക്കുന്നു. അതുവഴി വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്നതിനേക്കാൾ തൊഴിൽ ദാതാക്കളായി വളർത്തിയെടുക്കാൻ കഴിയുന്നു. ഈ പദ്ധതിക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 10.2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4859-02-800-90 വിജ്ഞാനനഗരം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

78. സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച് തിരുവനന്തപുരത്ത് നടപ്പിൽവരുന്ന പദ്ധതിയായ നോളജ് സിറ്റി, ടെക്നോസിറ്റി പ്രദേശത്ത് 150 ഏക്കറോളം സ്ഥലത്തായിട്ടാണ് രൂപീകരിക്കുന്നത്. മെഗാസിറ്റി പദ്ധതിക്കായി ആസൂത്രണ ബോർഡ് 700 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നോളജ് സിറ്റിയും ഉൾപ്പെടുന്നു. ടെക്നോസിറ്റിയിൽ ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾക്ക് ഏക്കറൊന്നിന് 210.83 ലക്ഷം രൂപ മൂല്യമുള്ള സാഹചര്യത്തിൽ സ്ഥലമെടുപ്പിന് ഈ തുക പര്യാപ്തമല്ല. ആയതിനാൽ നോളജ് സിറ്റിക്ക് 316.24 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IV.*

തിരുവനന്തപുരം,
2014 മാർച്ച് 12.